# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 258 — 26.09.2016 ൽ - മറുപടിക്ക്

## റേഷൻ കട അനുവദിക്കുന്നത് സംബന്ധിച്ച്

**ചോദ്യം**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:

(എ) മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം പഞ്ചായത്തിൽ രാങ്ങാട്ടൂർ എന്ന സ്ഥലത്ത് പുതിയ റേഷൻകട അനുവദിക്കുന്നതിനു വേണ്ടിയുളള 268407/ബി3/15 നമ്പർ ഫയൽ ഇപ്പോൾ ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച് സിവിൽ സപ്ലൈസ് വകുപ്പ് ഡയറക്ടർ നൽകിയ വിവരങ്ങൾ വിശദമാക്കുമോ ;

(ബി) പ്രദേശത്തിന്റെ പ്രത്യേക പരിഗണന വച്ച് റേഷൻ കട അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച ഫയലിലെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

**ഉത്തരം**

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി)

(എ) & (ബി) മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം താലൂക്കിൽ രാങ്ങാട്ടൂർ എന്ന സ്ഥലത്ത് ഒരു റേഷൻകട അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചിരുന്നു. എന്നാൽ രാങ്ങാട്ടൂർ പ്രദേശത്ത് പുതിയ കട അനുവദിക്കുന്നതു മൂലം തൊട്ടടുത്ത 155-ാം നമ്പർ റേഷൻ കടയിലെ കാർഡുകളുടെ എണ്ണം 291 ആകുകയും ഇത് ടി കടയുടെ ലാഭകരമായ നടത്തിപ്പിനെ ബാധിക്കുകയും ചെയ്യും. ഇതിന് പ്രതിവിധിയായി 155-ാം നമ്പർ കടയിൽ നിന്നും ഒരു കിലോമീറ്റർ ദൂരത്തിൽ സ്ഥിതിചെയ്യുന്ന 158-ാം നമ്പർ റേഷൻകടയിൽ ഉളള 855 റേഷൻ കാർഡുകളിൽ നിന്നും തുല്യ അളവിൽ റേഷൻ കാർഡുകൾ എ.ആർ.ഡി. 155-ലേക്ക് ട്രാൻസ്ഫർ ചെയ്ത് ഒരു കടയിൽ 400 റേഷൻകാർഡ് എന്ന നിബന്ധന പാലിക്കാവുന്നതാണെന്നാണ് സിവിൽ സപ്ലൈസ് ഡയറക്ടർ അറിയിച്ചത്.

ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാകുമ്പോൾ മാനദണ്ഡങ്ങളിൽ മാറ്റം വരാൻ സാധ്യതയുളളതിനാൽ പദ്ധതി നടപ്പിലാകുന്നതുവരെ പട്ടികജാതി/പട്ടിക വർഗ്ഗ പിന്നോക്ക സമുദായങ്ങൾക്കൊഴികെ പുതിയ റേഷൻകട അനുവദിക്കേണ്ടതില്ലെന്നും **NFSA** നിയമത്തിലെ ചാപ്റ്റർ 5 ലെ (ഇ) വകുപ്പ് പ്രകാരം ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുമ്പോൾ പഞ്ചായത്ത്, സ്വയം സഹായ സംഘങ്ങൾ, സഹകരണ സംഘങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് മുൻഗണന ലഭിക്കുമെന്നതിനാൽ മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ കുറ്റിപ്പുറം പഞ്ചായത്തിൽ രാങ്ങാട്ടൂർ എന്ന സ്ഥലത്ത് പുതിയ റേഷൻ കട അനുവദിക്കുന്ന കാര്യം പുതിയ റേഷൻ കാർഡ് വിതരണം ചെയ്തതിനു ശേഷം അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ